# സാംസ്കാരിക പ്രവർത്തന പുസ്തകം

894.8124
SAM

# സാംസ്കാരിക
# പ്രവർത്തന പുസ്തകം

16360

DC Library & Research Center

പുരോഗമന കലാസാഹിത്യ സംഘം
കണ്ണൂർ ജില്ലാ കമ്മററി പ്രസിദ്ധീകരണം

SAMSKARIKA PRAVARTHANA PUSTHAKAM □ Complied Edited and Published by PUROGAMANA KALA SAHITHYA SAMGHOM, Cannanore District Committee □ JUNE 1987 □

Printed at Sree Printers, Cannanore-6.

Price : Rupees 2-50

894.8124 SAM

## മുഖവുര

ഇന്ന് കേരളത്തിലെ ഏററവും വലുതും ജനകീയവുമായ സാംസ്കാരിക പ്രസ്ഥാനം പുരോഗമന കലാ സാഹിത്യസംഘമാണ്. പ്രധാനമായും, അതിൻെറ പുതിയ പ്രവർത്തകരെ സംഘടനയുമായി പരിചയപ്പെടുത്തുകയും അവക്ക് പ്രവർത്തനത്തിന് സഹായകമായ ചില സാമഗ്രികഠം പ്രദാനംചെയ്യുകയും അതിൻെറ സാംസ്കാരിക നിലപാട് വ്യക്തമാക്കുകയുംചെയ്യുന്നതിനാണ് 'സാംസ്കാരിക പ്രവത്തന പുസ്തകം' ഞങ്ങഠം പ്രസിദ്ധീകരിക്കുന്നത്.

ഈ പുസ്തകത്തിന് മൂന്ന് ഭാഗങ്ങളുണ്ട്. ആദ്യ ഭാഗത്ത്, 1987 ജനുവരിയിൽ നടന്ന പുരോഗമന കലാസാഹിത്യസംഘം സംസ്ഥാന സമ്മേളനത്തിൻെറ പ്രഖ്യാപനവും, ആഹ്വാനവും, പു.ക.സ. യുടെ ലക്ഷ്യപ്രഖ്യാപന രേഖയും നിയമാവലിയുമാണുള്ളത്.

രണ്ടാം ഭാഗത്തിൻെറ ഉള്ളടക്കം, ലോകതൊഴിലാളിവർഗ്ഗ ഗാനമായ സാർവ്വദേശീയഗാനം ഉഠംപ്പെടെയുള്ള ആറ് ഗാനങ്ങളാണ്. കഴിഞ്ഞ കുറച്ചു കാലമായി കണ്ണൂർ ജില്ലയിലെ പുരോഗമന സാംസ്കാരിക പ്രവർത്തകർ വികസിപ്പിച്ചെടുത്ത ജനകീയ സാംസ്കാരിക പ്രവർത്തനത്തിൻെറ രീതിയുമായി ബന്ധ

പ്പെട്ടതാണ് ഇവയുടെ പ്രസക്തി. സാംസ്കാരിക പ്രവർത്തകർ, ലളിതമായ വാദ്യോപകരണങ്ങളും ബാനറും പ്ലക്കാർഡുകളുമേന്തി, ഗാനങ്ങളും സാംസ്കാരിക മുദ്രാവാക്യങ്ങളും ആലപിച്ചുകൊണ്ട്, സംഘമായി തെരുവിലൂടെ നീങ്ങുകയും മുൻകൂട്ടി നിശ്ചയിച്ച തെരുവുമൂലയിൽ പ്രകടനം അവസാനിക്കുന്നതോടെ, ജനങ്ങളുടെ വലിയ പങ്കാളിത്തത്തോടെ നിശ്ചയിച്ച പരിപാടി നടത്തുകയും ചെയ്യുക എന്നതാണ് ഈ പ്രവർത്തന രീതി. ഈ പ്രവർത്തനത്തിൽ വ്യാപകമായി ഉപയോഗിക്കപ്പെട്ടിട്ടുള്ളതും ഉപയോഗപ്പെടുത്താൻ സാധിക്കുന്നതുമാണ് ഈ ആറ് ഗാനങ്ങളും.

അതോടൊപ്പം ഈ പ്രവർത്തനത്തിൽ ഉപയോഗിക്കപ്പെട്ട മുദ്രാവാക്യങ്ങളും മുദ്രാവാക്യങ്ങളായി ഉപയോഗിച്ച കാവ്യശകലങ്ങളും പുസ്തകത്തിന്റെ മൂന്നാം ഭാഗത്തുണ്ട്. ഈ നൂററാണ്ടു കണ്ട വലിയ വിപ്ലവ കവിയും നാടകകാരനുമായ ബെർതോൾട്ട് ബ്രെഹ്ററി (1898–1956) ന്റെ 'ജനകീയതയെക്കുറിച്ച്' എന്ന മൗലിക പ്രാധാന്യമുള്ള ലേഖനവും മൂന്നാം ഭാഗത്ത് ചേർത്തിരിക്കുന്നു. ജനകീയതയുടെ പേരിൽ സാധാരണ പ്രചരിപ്പിക്കപ്പെടുന്ന ലളിതവൽക്കരണത്തേയും ലാവണ്യ വൽക്കരണത്തേയും നിരസിച്ചുകൊണ്ട് ശരിയായ ഇടതുപക്ഷ നിലപാട് വ്യക്തമാക്കുന്ന ഈ ലേഖനം പുരോഗമന സാംസ്കാരിക പ്രവർത്തകർക്ക് പ്രധാനമാണ്.

ഇങ്ങനെ മൂന്നു ഭാഗങ്ങളുള്ള സാംസ്കാരിക പ്രവർത്തന പുസ്തകം എല്ലാ പുരോഗമന സാംസ്കാരിക പ്രവർത്തകർക്കുമായി ഞങ്ങൾ സമർപ്പിക്കുന്നു.

പുരോഗമന കലാ സാഹിത്യ സംഘം
കണ്ണൂർ ജില്ലാ കമ്മററി

# പുരോഗമനകലാസാഹിത്യ സംഘം

## പ്രഖ്യാപനവും ആഹ്വാനവും

മാനവസംസ്ക്കാരത്തിന്റെയും നാഗരികതയുടെയും നീണ്ട ചരിത്രത്തിൽ അവിസ്മരണീയമായ പുരോഗതിയുടെയും ദൂരവ്യാപകമായ പരിവർത്തനങ്ങളുടെയും അനവധി അദ്ധ്യായങ്ങൾ വിരചിച്ച 20-ാം നൂററാണ്ടിന്റെ അറുതി കുറിക്കാൻ ഇനി 13 വർഷം മാത്രം അവശേഷിച്ചിരിക്കുന്ന ഒരു നവവൽസര വേളയിലാണിവിടെ നാം സമ്മേളിച്ചിരിക്കുന്നത്. രണ്ടാം വൈജ്ഞാനിക വിപ്ലവത്തിന്റെ കാഹളം കേട്ടുണർന്ന ഈ നൂററാണ്ട് രണ്ട് ലോകമഹായുദ്ധങ്ങളുടെ കൊടും കെടുതികൾ അനുഭവിച്ചതിനോടൊപ്പം ഒക്ടോബർ വിപ്ലവത്തോടെ ആരംഭിച്ച സോഷ്യലിസ്ററ് പരിവർത്തന പ്രക്രിയക്കും പടിഞ്ഞാറൻ സാമ്രാജ്യദുഷ്പ്രഭുത്വത്തിന്റെ തകർച്ചക്കും സാക്ഷ്യം വഹിച്ചു. ലോകം കണ്ടിട്ടുള്ളതിലേക്കും വെച്ച് ഏററവും ക്രൂരവും ബീഭൽസവും ആയ നാസി ഫാസിസ്ററു ശക്തികളെ അടിസ്ഥാനപരമായി തറപററിച്ച ഈ നൂററാണ്ടിൽ അക്ഷരവിദ്യയുടെ വ്യാപ്തിയും സ്വാതന്ത്ര്യത്തിന്റെ ചൈതന്യവും മുമ്പെങ്ങും എത്താത്ത അളവിൽ വർദ്ധിച്ചിരിക്കുന്നു. നിരക്ഷരതയും തൊഴിലില്ലായ്മയും ജൻമി മുതലാളി ചൂഷണവും നിർമ്മാർജ്ജനം ചെയ്ത സോഷ്യലിസത്തിന്റെ പരിധി ലോകത്തിന്റെ മൂന്നിലൊന്നായിരിക്കുന്നു. അവകാശബോധവും സ്വാതന്ത്ര്യവാഞ്ഛയും അലയടിക്കാത്ത ഒരു ഭൂവിഭാഗമോ ജനവിഭാഗമോ ഇനിയൊരിടത്തും അവശേഷിച്ചിട്ടില്ലെന്നത് മാനവ സാമൂഹ്യ പുരോഗതിയുടെ ഉയർനിലവാരം കുറിക്കുന്നു.

പ്രകാശമയമായ ഈ ചരിത്രത്തിന്റെ ഇരുണ്ട മറുവശം നാം അവഗണിച്ചുകൂടാ. കർത്തവ്യ നിർവഹണത്തിലേക്കു നമ്മെ ആഹ്വാനം ചെയ്യുന്ന മറുവശം. ശാസ്ത്ര സാങ്കേതിക രംഗങ്ങളിലെ വിപ്ലവകരമായ പുരോഗതിയും വിജ്ഞാന വിസ്ഫോടനവും പ്രകൃതിയുടെമേൽ മനുഷ്യനുള്ള കോയ്മയും സഹസ്രാബ്ദങ്ങളായി നിലനിന്നുവന്ന ഇല്ലായ്മകളും വല്ലായ്മകളും പരിഹരിക്കാനുള്ള സാദ്ധ്യതയും ചൂഷക വ്യവസ്ഥ നിലവിലുള്ള ലോകത്തിന്റെ മൂന്നിൽ രണ്ടു ഭാഗത്ത് പ്രയോജനപ്പെട്ടിട്ടില്ല. തൊഴിലില്ലായ്മയും രോഗവും നിരക്ഷരതയും ഇപ്പോഴും കൊടികുത്തിവാഴുന്ന മേഖലകളിൽ വർഷം പ്രതി പോഷകാഹാരം ലഭിക്കാതെ അഞ്ചുവയസ് തികയും മുമ്പ് ചത്തുതീരുന്ന കുഞ്ഞുങ്ങളുടെ എണ്ണം 45 ലക്ഷമാണെന്ന് ഐക്യരാഷ്ട്രസഭ തിട്ടപ്പെടുത്തുന്നു നിറവ്യത്യാസവും

ലിംഗഭേദവും ഇപ്പോഴും അടിച്ചമർത്തലിന് കാരണമാകുന്നു. മദ്ധ്യ അമേരിക്കയിലും പശ്ചിമേഷ്യയിലും ദക്ഷിണാഫ്രിക്കയിലും പുത്തൻ കൊളോണിയലിസ്ററ് ശക്തികൾ അഴിഞ്ഞാടുന്നു. വർണവെറിയർ വധിച്ച ബഞ്ചമിൻ മൊളോയിസും 30 വർഷമായി തടവിലിട്ടടച്ചിരിക്കുന്ന നെൽസൺ മണ്ടേലയും യുഗചേതനയുടെ പ്രതീകങ്ങളായി മാറിയിരിക്കുന്നു.

ഈ നൂററാണ്ട് കൊളുത്തിവെച്ച സ്വാതന്ത്ര്യത്തിൻെറയും പുരോഗതിയുടെയും ദീപനാളങ്ങൾ ഒന്നൊന്നായി കെടുത്തിക്കളയാനും പുരോഗതിയുടെ തേരുരുൾ പിന്നോട്ടുതിരിക്കാനും കച്ചകെട്ടിയ ഇരുളിൻെറ സന്തതികൾ ഒരു മൂന്നാം ലോകമഹായുദ്ധത്തിലൂടെ സർവനാശത്തിന് കോപ്പുകൂട്ടുന്നു. ലോക ജനതയേയും ജൈവപ്രകൃതിയെയും പല തടങ്ങ് അധിവധം നടത്താനുള്ള ഭീകരമായ ആണവ സജ്ജീകരണങ്ങൾ കൊണ്ടും മതിയാവാതെ ബഹിരാകാശം കൂടി വിഷമയമാക്കാനുള്ള നക്ഷത്ര യുദ്ധ ധയത്നം ഭയാശങ്കകൾ ഉണർത്തുന്നു. അമിത ലാഭേച്ഛയാൽ പ്രേരിതരായ കുത്തക മുതലാളിത്ത ചൂഷകർ പ്രകൃതിയുടെ വിഭവശേഷിയെ അപരിഹാര്യമാംവിധം നശിപ്പിക്കുകയും അന്തരീക്ഷത്തെ മലിനീകരിക്കുകയും ഗുരുതരമായ പരിസ്ഥിതി പ്രതിസന്ധിക്കു വഴിവെക്കുകയും ചെയ്യുന്നതിന് പുറമേ അവക്കെല്ലാം മകുടം ചാർത്തുന്ന സർവനാശക പരിപാടിക്കിങ്ങനെ വഴി മരുന്നിട്ടിരിക്കുകയാണ്.

ചരിത്രത്തിൻെറ രഥചക്രങ്ങൾ പിറകോട്ടുതിരിക്കുവാൻ പാടുപെടുന്ന ഇരുളിൻെറ ശക്തികൾ വളരെയേറെ ആശ്രയിക്കുന്നത് ആശയപ്രചാരവേലയെയാണ്. ശാസ്ത്രത്തിൻെറയും സാങ്കേതികവിദ്യയുടെയും ആദായകരമായ സാദ്ധ്യതകൾ അങ്ങേ അററം പ്രയോജനപ്പെടുത്തുന്നവർ തന്നെ ശാസ്ത്രത്തിനും യുക്തിചിന്തക്കും എതിരെ കുരിശുയുദ്ധം നടത്തുകയും ചെയ്യുന്നു. ആധുനിക ശാസ്ത്രചിന്തയുടെയും സാങ്കേതിക വിദ്യയുടെയും ജൻമനാടായ പടിഞ്ഞാറൻ യൂറോപ്പും വടക്കൻ അമേരിക്കയും ഇപ്പോൾ യുക്തിയിൽ നിന്നുള്ള പലായനത്തിൻെറയും പലതരം മതമൗലികവാദങ്ങളുടെയും ഉറവിടമായി മാറിയിരിക്കുന്നു. ഡാർവിൻെറ പരിണാമവാദം പഠിപ്പിച്ചുകൂടാത്ത സംസ്ഥാനങ്ങൾ അമേരിക്കൻ ഐക്യനാട്ടിലുണ്ട്. സ്ത്രീകൾക്ക് സ്വന്തം ശരീരത്തിൻമേലുള്ള അവകാശാധികാരങ്ങളെ നിഷേധിക്കുന്ന നിലപാടാണ് ജനന നിയന്ത്രണത്തിൻെറയും ഗർഭഛിദ്രത്തിൻെറയും കാര്യത്തിൽ റൊണാൾഡ് റെയ്ഗനും മററും കൈക്കൊള്ളുന്നത്. മിസ്ററിസിസവും അന്ധവിശ്വാസവും യുക്തിവിരോധവും അമാനവിക പ്രവണതകളും പടിഞ്ഞാറൻ കലാ-സാഹിത്യ-നാടക-സിനിമാദികളിൽ കൂടുതൽ കൂടുതലായി പ്രകടമായി വരുന്നു. ഇച്ഛാശക്തിയോ സ്വാതന്ത്ര്യവാഞ്ഛയോ ഇല്ലാത്ത യന്ത്രങ്ങളായി മനുഷ്യനെ കൽപ്പിക്കുന്ന ബിഹേവ്യറിസ്ററ് മനശ്ശാസ്ത്രവും 'നഗ്നവാനര' വീക്ഷണവും സാഹിത്യ കൃതികളിലും ദൃശ്യകലകളിലും സർവസാധാരണമായിട്ടുണ്ട്. 20-ാം നൂററാണ്ടിൻെറ പുരോഗതിയെ തരിശുനിലമായി കാണുന്ന ടി. എസ്. എലിയററും മനുഷ്യരെ മൃഗസമൂഹമായി ചിത്രീകരിക്കുന്ന ഗോൾഡിങ്ങും ശാസ്ത്രത്തെ ഏഷ്യൻ മിസ്

ററിസിസത്തിൽ കുരുക്കുന്ന കമ്പ്രയും തൊലികറുത്തവരെ കൊന്നുതള്ളുന്ന ബോധയും അധർമ്മവും അസത്യവും മുഖ മുദ്രയാക്കിയ നക്ഷത്ര യുദ്ധ പ്രേമിയും ഈ പടിഞ്ഞാറൻ ജീർണ്ണതയുടെ പ്രതീകങ്ങളാണ്.

പടിഞ്ഞാറൻ സംസ്ക്കാരത്തിന് 20-ാം നൂററാണ്ടിൻെറ ചൈതന്യം പകർന്നു നൽകിയ ടോൾസ്റേറായിയും, ഗോർക്കിയും, റൊളാങ്ങും, അനത്തോൾ ഫ്രാൻസും, ബ്രെഹത്തും, ലാക്സ്നെസ്സും, ആരഗനും, മായക്കോവ്സ്ക്കിയും, ഡ്രെയ്സറും, ലോർക്കയും, നെരൂദയും, പിക്കാസോയും വ്യത്യസ്തമായൊരു ചിത്രം കാഴ്ചവെക്കുന്നു.

ഇതൊന്നും തങ്ങളുടെ പരിഗണനക്കർഹമല്ലെന്നും സർഗവ്യാപാരത്തിനപ്രസക്തമാണെന്നും വാദിക്കുന്ന കലാകാരൻമാർ ഒന്നുകിൽ മന്ദബുദ്ധികളും അൽപ്പവിഭവൻമാരുമാണ്. അല്ലെങ്കിൽ യാഥാസ്ഥിതികത്വത്തേയും നില നിൽക്കുന്ന ബീഭത്സവ്യവസ്ഥയേയും താങ്ങിനിറുത്താൻ അച്ചാരം വാങ്ങി ഉപജീവനം കഴിക്കുന്ന പ്രതിയോഗികളാണ്. ഉത്തരവാദിത്വബോധമുള്ള പൗരജനങ്ങൾക്കോ മാനവിക പ്രതിബദ്ധതയുള്ള കലാകാരൻമാർക്കോ ഉൽക്കണ്ഠാകുലമായ ഈ ദശാസന്ധിയിൽ നിർമ്മമത്വമോ നിഷേധാത്മകത്വമോ ഭൂഷണമാവില്ലെന്ന് ഞങ്ങൾ പ്രഖ്യാപിക്കുന്നു. തങ്ങളുടെ സിദ്ധിയും സാധനയും മാനവ പുരോഗതിക്കും മാനവ സാഹോദര്യത്തിനും മാനവ സ്വാതന്ത്ര്യത്തിനും വേണ്ടി ഉപയോഗപ്പെടുത്തണമെന്ന് ഞങ്ങൾ പ്രതിബോധനരായ കലാകാരൻമാരോടും കലാകാരികളോടും ആഹ്വാനം ചെയ്യുന്നു.

## II

രാഷ്ട്രീയ സ്വാതന്ത്ര്യം നേടി നാലുപതിററാണ്ടുതികയാറായിട്ടും സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കാനോ പ്രതീക്ഷകൾ നിറവേററാനോ കഴിയാത്ത ഇന്ത്യ അതിൻെറ ചരിത്രത്തിലെ കുണ്ടും കുഴിയും കല്ലും മുള്ളും നിറഞ്ഞ ഒരു പതനത്തിലെത്തി നിൽക്കുകയാണ്. തൊഴിലില്ലായ്മ, ദാരിദ്ര്യം, നിരക്ഷരത തുടങ്ങിയിയ പരമ്പരാഗത ദുഃഖങ്ങൾ പരിഹാരമില്ലാതെ തുടരുമ്പോഴും പുതിയ വിപത്തുകൾ അന്തരീക്ഷത്തിൽ കാളിമ പരത്തുന്നു. വർഗീയതയും വിഘടനാവാദവും മുമ്പെങ്ങും അനുഭവപ്പെട്ടിട്ടില്ലാത്തത്ര സാർവത്രികമായി ഇന്ത്യയുടെ അസ്തിത്വത്തെ തന്നെ സന്ദിഗ്ദ്ധാവസ്ഥയിലാക്കിയിരിക്കുന്നു. സ്വാതന്ത്ര്യ സമരക്കാലത്ത് വളരെയേറെ പിന്നോട്ടടിച്ചിരുന്ന ജാതിചിന്തയും മതവൈരാഗ്യങ്ങളും ഇന്ന് അംഗീകൃത രാഷ്ട്രീയത്തിൻെറ കൊടിയടയാളമായി മാറിയിരിക്കുന്നു. നവോത്ഥാന മൂല്യങ്ങളെ പിൻതള്ളി മുന്നോട്ടു വന്നിരിക്കുന്ന പുനരുജ്ജീവന പ്രവണതകൾ അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും പുതുജീവൻ നൽകിയിരിക്കുകയാണ്.

ഈ ദുഷ്പ്രവണതക്ക് പുറമെ മേൽ വിവരിച്ച സാർവദേശീയ ഹസ്തങ്ങളും ഭരണാധികാരിവർഗങ്ങളുടെ അധികാര പ്രമത്തതയും സ്വാർത്ഥയുമെല്ലാം

കാണാം. എങ്കിലും നമ്മെപ്പോലൊരു കലാസാംസ്ക്കാരിക പ്രസ്ഥാനം പ്രത്യേകം ശ്രദ്ധിക്കേണ്ടത് കലയേയും സാഹിത്യത്തേയും ഈ പ്രവണതകൾ ഉപയോഗപ്പെടുന്ന വിധങ്ങളാണ്.

രവീന്ദ്രനാഥടാഗൂറും, ഖാസിനസ്രുൽ ഇസ്ളാമും, സുമിത്രാനന്ദൻ പന്തും, മുൻഷിപ്രേംചന്ദും, ഇഖ്ബാലും, ജോഷ് മലിഹാബാദിയും, സുബ്രഹ്മണ്യ ഭാരതിയും, നാമക്കൽ രാമലിംഗം പിള്ളയും, ആശാനും വള്ളത്തോളും, വൈലോപ്പിള്ളിയും എന്തിനു്, ത്രത്തോളം പോകുന്നു കുറെക്കൂടി അടുത്തകാലത്ത് താരാ ശങ്കർ ബാനർജിയും, മണിക്ക് ബന്ദോപാധ്യയും, തകഴിയും ദേവും ബഷീറും പൊററക്കാട്ടും, വർക്കിയും ചെറുകാടും മററും-ഉയർത്തിപ്പിടിച്ച സാംസ്ക്കാരിക മൂല്യങ്ങളും കാവ്യാദർശങ്ങളും തിരസ്ക്കരിക്കാനും പകരം പടിഞ്ഞാററ് നിന്നും പഴമയിൽനിന്നും ചികഞ്ഞെടുത്ത ജീർണ്ണതയുടെ മൂല്യങ്ങൾ സ്ഥാപിച്ചെടുക്കാനും ശ്രമം നടക്കുന്നു. എന്തൊക്കെയാണീ ജീർണ്ണതയുടെ മൂല്യങ്ങൾ?

1 കലയെ ഗൗരവപൂർണ്ണമായ ദൗത്യത്തിന് പകരം വിലകുറഞ്ഞ ഒരു വിനോദോപാധിയാക്കി തരം താഴ്ത്തൽ

2 കലാകാരൻെറ സാമൂഹ്യ പ്രതിബദ്ധതയുടെ സ്ഥാനത്ത് അയാളുടെ നിരുത്തരവാദിത്വവും അരാജകത്വവും പ്രതിഷ്ഠിക്കുക

3 ജീവിതത്തേയും പ്രതീക്ഷയേയും പ്രകീർത്തിക്കുന്നതിന് പകരം മരണത്തെയും നിരാശയേയും ആരാധിക്കുക.

4 സ്വാതന്ത്ര്യത്തേയും കർമ്മശക്തിയേയും വാഴ്ത്തുന്നതിന് പകരം അടിമത്തത്തേയും നൈഷ്ഫല്യത്തെയും പരിരംഭണം ചെയ്യുക.

5 കലാകാരൻെറ ഉദാത്ത ഭാവനയേയും ശിൽപ്പ വൈദഗ്ധ്യത്തേയും കാൾ അയാളുടെ മാനസികനാരോഗ്യത്തിൻെറ ലക്ഷണങ്ങളായ കൃത്രിമ പ്രയോഗങ്ങളും വികൃത ലൈംഗിക ബിംബങ്ങളും പാഠങ്ങളിൽ സ്ഥാനം പിടിക്കുക. ആർത്തവ രക്തത്തോടും ലിംഗാഗ്രത്തിലെ ചോരയോടും ഉഷ്ണപ്പുണ്ണിൻെറ ദുർഗന്ധത്തോടും മററും ചിലർക്കുള്ള അദമ്യമായ പ്രേമവായ്പ ശ്രദ്ധിക്കുക.

6 അവിഹിതബന്ധങ്ങളേയും മദ്യ-മയക്കുമരുന്ന് സേവകളെയും ഭാര്യാ കൈമാററം തുടങ്ങിയ പടിഞ്ഞാററൻ ഫാഷനുകളെയും കണക്കററ വഷളൻ ആസ്വാദ്യതയോടെ വിവരിക്കൽ.

7 ഇവയെല്ലാം ആവിഷ്ക്കരിക്കാൻ യാഥാസ്ഥിതിക പ്രവണത രണ്ട് രൂപങ്ങൾ കൈക്കൊള്ളുന്നു. ഒന്ന്, ദുർഗ്രഹതയുടെയും അമൂർ

ത്തതയുടെയും മേലങ്കി ചാർത്തി വരേണ്യ-ന്യൂനപക്ഷത്തിനായി പാകപ്പെടുത്തുന്ന വിഭവങ്ങൾ. രണ്ട്. ജനപ്രിയതയുടെ ആവരണമിട്ട കലാദരിദ്രമായ മസാല സൃഷ്ടികൾ അങ്ങനെ അതിവരേണ്യതയുടെയും അതിജനപ്രിയതയുടെയും കുരുക്കിൽ മാനവികതയുടെയും സ്വാതന്ത്ര്യത്തിന്റെയും കലയെ പുകച്ചുപുറത്താക്കാൻ ശ്രമം നടക്കുന്നു.

8 യുക്തിയിൽ നിന്നും ശാസ്ത്ര ചിന്തയിൽനിന്നും ഉള്ള പലായനം നിരവധി തരം റിവൈവലിസ്റ്റ് പ്രവണതകൾക്ക് വളംവെക്കുന്നതിന് പുറമെ അന്ധവിശ്വാസത്തേയും മതമൗലികതയേയും നേരിൽ പ്രോൽസാഹിപ്പിക്കുന്ന കൃതികളും വർദ്ധിക്കുന്നു. മാസ്സ്-സർക്കുലേഷൻ പൈങ്കിളി പ്രസിദ്ധീകരണങ്ങളും വ്യാപാരസിനിമയും ദൂരദർശൻ-റേഡിയോ മുതലായവപോലും ഈ ഹൈബ്രോ-ലോബ്രോ മസാല പ്രചരിപ്പിക്കുന്നു.

രാഷ്ട്രീയ-സാമ്പത്തിക രംഗത്തെ അവസരവാദത്തിനും അധികാര പ്രമത്തതക്കും പുറമെ ഇന്നത്തെ ഈ സാംസ്ക്കാരിക ജീർണ്ണതക്കും കലാ-സാഹിത്യരംഗവും വലിയ സംഭാവന നൽകുന്നുണ്ട്.

ഈ ആപൽക്കരമായ വഴുതിപ്പോക്ക് കണ്ടില്ലെന്ന് നടിക്കാനോ അതിൽ ഇടപെടാതിരിക്കാനോ ഉൽബുദ്ധനായ പൗരനെന്നപോലെ മനുഷ്യനോടും തങ്ങളുടെ മഹനീയ ദൗത്യത്തോടും പ്രതിബദ്ധതയുള്ള കലാകാരൻമാർക്കും സാംസ്ക്കാരിക പ്രവർത്തകർക്കും കഴിയില്ല ഈ നൂററാണ്ടിനുമുമ്പ് കേരളത്തെ ജാതിമത ഭ്രാന്തിന്റെ ഭ്രാന്താലയമായി വിശേഷിപ്പിച്ച വിവേകാനന്ദനെ വീണ്ടും ഓർത്തുപോകുന്നു. ശ്രീനാരായണ നവോത്ഥാനവും ചന്തുമേനോനും രാജരാജനും കുമാരനാശാനും തുടങ്ങിവെച്ച സാഹിത്യ നവീകരണവും, ദേശീയ സ്വാതന്ത്ര്യസമരവും തൊഴിലാളിവർഗ്ഗ പ്രസ്ഥാനവും ആ ഭ്രാന്താലയത്തിൽനിന്ന് നമ്മെ വലിയൊരളവ്‌വരെ മോചിപ്പിച്ചു. എന്നാൽ നമ്മുടെ നാട് വീണ്ടും അതേ ഭ്രാന്താലയത്തിലേക്ക് തിരിച്ചുപോക്ക് തുടങ്ങിയിരിക്കുന്നതായി ആശങ്കപ്പെടേണ്ടിയിരിക്കുന്നു.

വിഭാഗീയതയും വർഗീയതയും മതമൗലികതയും അനാചാരപ്രേമവുമെല്ലാം മതേതരത്വത്തിനും ജനാധിപത്യത്തിനും ജനകീയ സാഹോദര്യത്തിനും ഉയർത്തുന്ന ഭീഷണി താത്വികവും നയപരവും മാത്രമല്ല എന്ന് അടുത്തകാലത്തെ സംഭവ വികാസങ്ങൾ തെളിയിക്കുന്നു. രാമജൻമഭൂമിയുടെയും ബാബറി മസ്ജിദിന്റെയും പേരിൽ റിപ്പബ്ലിക്ക് ദിന ബഹിഷ്ക്കരണം വരെ എത്തിയിരിക്കുന്നു ഈ പ്രവണത. കേരളത്തിൽ നാടകങ്ങളും പാഠപുസ്തകങ്ങളും ചില മതമൗലിക വാദികൾക്കും വർഗീയ കോമരങ്ങൾക്കും അനിഷ്ടമായാൽ അവതരിപ്പിക്കാൻ വയ്യെന്നായിരിക്കുന്നു. അഭിപ്രായപ്രകടന സ്വാതന്ത്ര്യവും ആവിഷ്

ക്കരണ സ്വാതന്ത്ര്യവും നമ്മുടെ ധീരോദാത്തരായ പൂർവ്വികർ പടവെട്ടി നേടി ഭര ണ ഘടനയിലൂടെ നമുക്കു പകർന്നു തന്നെങ്കിലും അതെല്ലാം ജലരേഖയായി പ രിണമിച്ചു തുടങ്ങിയിരിക്കുന്നു.

ഭാവിയെ സംബന്ധിച്ച് ആശങ്കകൾ ഉളവാക്കുന്ന ഈ ചരിത്ര പ്രതി സന്ധിയിൽ സമൂഹത്തിന്റെ മനഃസാക്ഷിയും രാഷ്ട്രത്തിന്റെ ദീപശിഖകളു മായ സർഗധനർ നിസ്സംഗരായിരിക്കുകയോ? നിസ്സംഗതയും നിഷ്പക്ഷ തയും ഭീരുത്വത്തിന്റെ പര്യായവും ഒളിച്ചോട്ടത്തിന്റെ ന്യായീകരണവുമാണി പ്പോൾ. ദൗത്യബോധവും പ്രതിഭാശേഷിയും ഉള്ളവരുടെ കൃത്യവിലോപം കുററ കൃത്യമായി മാറുന്ന ഉദ്വിഗ്നമായ ദശാസന്ധിയാണിത്.

അതുകൊണ്ട് സാംസ്ക്കാരിക നായകരെ ഉണർത്തുപാട്ടുപാടാൻ ബാദ്ധ്യസ്ഥരായ നിങ്ങൾ ഉറക്കം നടിക്കാതെ നിങ്ങളുടെ നാവുകൾ ചലിക്കട്ടെ. പേന കൾ പ്രവൃത്തിനിരതങ്ങളാകട്ടെ. നിങ്ങൾ കഥപറയുവിൻ, ചിത്രം വരക്കുവിൻ പാടുവിൻ, ആടുവിൻ. ആയിരം പൂക്കളങ്ങനെ വിരിയട്ടെ, ഇരുട്ടിന്റെ യാമങ്ങൾ മറയട്ടെ. പുത്തനുഷസ്സിന്റെ സഹസ്രസകിരണങ്ങൾ ഉയരട്ടെ.

മഹാകവിയുടെ ഭാഷയിൽ

എവിടെ അവിരാമമായ അദ്ധ്വാനം
സമൃദ്ധിയിലേക്ക് കൈനീട്ടുന്നുവോ
എവിടെ യുക്തിയുടെ തെളിനീർ
ഗതാനുഗതികത്വത്തിന്റെ മരുഭൂമി-
യിൽ എത്തി വരളാതിരിക്കുന്നുവോ,
എവിടെ മനുഷ്യനേയും മനുഷ്യനേയും
മനുഷ്യനിർമ്മിതമായ ഭിത്തികൾ
ഭിന്നിപ്പിക്കാതിരിക്കുന്നുവോ,
എവിടെ ശിരസ്സ് ഉന്നമ്രവും മനസ്സ്
നിർഭയവുമായിരിക്കുന്നുവോ
ആ സ്വാതന്ത്ര്യ സ്വർഗത്തിലേക്കുള്ള
വഴിത്താരയൊരുക്കുവിൻ.

○

(1987 ജനവരി 3, 4 തീയതികളിൽ കോട്ടയത്തുവെച്ച നടന്ന സംസ്ഥാന സമ്മേളനത്തിൽ അവതരിപ്പിച്ച രേഖ)

# പുരോഗമന കലാ സാഹിത്യ സംഘം

## എന്ത്, എന്തിന്

മഹാകവി വൈലോപ്പിള്ളിൽ ശ്രീധരമേനോന്റെ സപ്തതി ആഘോഷത്തോടനുബന്ധിച്ച്, 1981 ആഗസ്ത് 14ന് എറണാകുളം ടൗൺഹാളിൽ നടന്ന പുരോഗമന സാഹിത്യ സമ്മേളനത്തിൽ വെച്ചാണ് പുരോഗമന കലാസാഹിത്യ സംഘം രൂപീകൃതമായത്. പുരോഗമന കലാസാഹിത്യ സംഘം 'എന്ത്, എന്തിന്' എന്ന് അന്നത്തെ യോഗത്തിൽ വായിച്ച് അംഗീകരിച്ച കരടുരേഖയാണ് ചുവടെ ചേർക്കുന്നത്.

മനുഷ്യത്വത്തെ ഉയർത്തിപ്പിടിക്കുകയും ജീവിതമൂല്യങ്ങളിൽ ഉറച്ചു വിശ്വസിക്കുകയും ചെയ്യുന്ന കലാസാഹിത്യ പ്രവർത്തകരുടെ ഒരു പൊതുവേദിയായിരിക്കും പുരോഗമന കലാസാഹിത്യസംഘം. അങ്ങനെയുള്ള സാഹിത്യകാരൻമാരെയും കലാകാരൻമാരെയും ജനജീവിതാനുഭവങ്ങളുമായി ബന്ധപ്പെടുത്തുന്നതിനും, സാമൂഹ്യപരിവർത്തനത്തിൽ ആത്മവിശ്വാസമുള്ളവരാക്കുന്നതിനും ഈ സംഘം ഒരു സജീവ ഘടകമായി നിലകൊള്ളണം.

കലാസാഹിത്യരംഗങ്ങളിലുള്ള പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുക, ഈ പ്രവർത്തനങ്ങളെ സമന്വയിപ്പിച്ച് ഫലപ്രദമായി മുന്നോട്ടു കൊണ്ടുപോകുക-പുരോഗമന കലാസാഹിത്യ സംഘത്തിന്റെ മുഖ്യചുമതലയാകുന്നു.

സർഗ്ഗപ്രക്രിയയെ സഹായിക്കുന്ന തരത്തിൽ സൃഷ്ടികളെ സാമൂഹികവും, സൗന്ദര്യ ശാസ്ത്രപരവുമായ വീക്ഷണത്തോടെ പഠിക്കുകയും വിലയിരുത്തുകയും ചെയ്യുക, വിപുലമായ ആസ്വാദകവേദികൾ സംഘടിപ്പിക്കുക തുടങ്ങിയവ സംഘത്തിന്റെ പ്രധാന പ്രവർത്തനമായിരിക്കണം.

പുരോഗമന സാഹിത്യപ്രസ്ഥാനം തകർന്നെങ്കിലും (1950 കളുടെ മദ്ധ്യേ) അതുണർത്തിവിട്ട ഊർജ്ജസ്വലത നമ്മുടെ കലാസാഹിത്യരംഗങ്ങളെ തുടർന്നും സ്വാധീനിച്ചുകൊണ്ടിരുന്നു. സിംപോസിയങ്ങൾ, സെമിനാറുകൾ, സമ്മേളനങ്ങൾ, ചർച്ചകൾ, ക്യാമ്പുകൾ, കലാപരിപാടികൾ എന്നീ വഴിക്കും, വിവിധ നാമധേയത്തിലുള്ള സാഹിത്യപ്രസ്ഥാനങ്ങൾവഴിക്കും ആശയസമരം തുടർന്നും നടന്നെങ്കിലും സാഹിത്യകലാസൃഷ്ടികളിലൂടെ അത് വേണ്ടത്ര ഫലപ്രദമാക്കാൻ കഴിഞ്ഞിട്ടില്ല എന്നത്, തിരിഞ്ഞുനോക്കുമ്പോൾ പുരോഗമന സാഹിത്യത്തിന്റെ മുഖ്യദൗർബല്യമായി നാം മനസിലാക്കണം. ഈ ദൗർബല്യങ്ങൾ

ബോദ്ധ്യപ്പെടുത്തിക്കൊടുക്കാനും, പരിഹരിക്കാനും കഴിയുന്നവിധത്തിലുള്ള നിരൂപണശാഖയും ശക്തിപ്പെട്ടിട്ടില്ല എന്ന് നാം കാണണം. ഈ കുറവ് പരിഹരിക്കാൻ, ഈ പുതിയ പ്രസ്ഥാനത്തിന്-പുരോഗമന കലാസാഹിത്യസംഘത്തിന്-കഴിയണം. ഒരോ പ്രദേശത്തേയും കലാകാരൻമാരുടെയും എഴുത്തുകാരുടെയും സമ്മേളനമോ, ക്യാമ്പുകളോ നടത്തി അവരുടെ അഭിപ്രായങ്ങളും വീക്ഷണഗതികളും മനസ്സിലാക്കണം. അവരുടെ കലാസൃഷ്ടികളും, സാഹിത്യസൃഷ്ടികളും പരിശോധിക്കാനും പ്രോൽസാഹിപ്പിക്കാനും രചനയിൽ പരിശീലനം നൽകുവാനും കഴിയണം.

പുതിയ എഴുത്തുകാരുടെ ക്യാമ്പുകളും ശിൽപ്പശാലകളും സംഘടിപ്പിക്കുക, അവയിൽ സാഹിത്യത്തിൻെറയും കലയുടെയും സിദ്ധാന്തങ്ങൾ പഠിപ്പിക്കുകയും ചർച്ചചെയ്യുകയും ചെയ്യുക, രചനാ സങ്കേതങ്ങളിൽ വൈദഗ്ദ്ധ്യം കൈവരിക്കാനുള്ള ശിക്ഷണം നൽകുക-ഇവ പുരോഗമന കലാസാഹിത്യസംഘത്തിൻെറ ആഭിമുഖ്യത്തിൽ തുടർച്ചയായി നടത്തേണ്ടതാകുന്നു. ക്യാമ്പുകളിലൂടെ എഴുത്തുകാരെ സൃഷ്ടിക്കുവാൻ ആവില്ല എന്നു നാം മനസിലാക്കണം. പക്ഷേ, നല്ല മുളകൾ കണ്ടെത്താൻ ക്യാമ്പുകൾ സഹായിച്ചേക്കും. ആ നിലക്കുവേണം ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ. സംസ്ഥാനക്യാമ്പുകളേക്കാൾ, ജില്ലാ താലൂക്കു ക്യാമ്പുകൾക്കുവേണം പ്രാധാന്യം നൽകുവാൻ.

നമ്മുടെ പല സാഹിത്യകൃതികളും ഹ്യൂമനിസത്തിൻെറ പേരിൽ വാഴ്ത്തപ്പെടുന്ന വസ്തുതകൾ ബൂർഷ്വാ ഹ്യൂമനിസത്തിൻെറത് മാത്രമായ വൈയക്തിക പ്രശ്നങ്ങൾ മാത്രമാണ്. ഈ യാഥാർത്ഥ്യം അപഗ്രഥിക്കുന്ന ഒരു നിരൂപണ സമ്പ്രദായവും നമുക്ക് മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്. കൃതികളുടെ രചനാകൗശലത്തിന്-രൂപസംവിധാനത്തിന്-വേണ്ടത്ര അംഗീകാരം നൽകിക്കൊണ്ടുതന്നെവേണം ഈ വിലയിരുത്തൽ നടത്തുവാൻ. അതിൻെറ ഭാഗമായിട്ടു മാത്രമേ സൗന്ദര്യശാസ്ത്രചർച്ച കാണാൻ പാടുള്ളു. ഈ ചർച്ചയിൽ വലിയൊരംശം പാരമ്പര്യവുമായി ബന്ധപ്പെടും. ബൂർഷ്വാസി ഉപയോഗിക്കുന്ന യന്ത്രങ്ങളെ പുതിയ വ്യവസ്ഥയിൽ തൊഴിലാളി വർഗം സ്വന്തം ഗുണത്തിന് സ്വീകരിക്കുന്നതുപോലെ ബൂർഷ്വാസിയുടെ സമ്പന്നമായ സൗന്ദര്യശാസ്ത്രചർച്ചയിൽ നിന്നും ധാരാളം അംശങ്ങൾ പുതിയ സംവേദനത്തിൻെറ ഭാഗം എന്ന നിലയിൽ നമുക്കു സ്വീകരിക്കേണ്ടിവരും. അങ്ങനെ കൃതികളെ രചനയിലും ഉള്ളടക്കത്തിലും യുക്തിഭദ്രമായി വിലയിരുത്തുന്ന ഒരു സമ്പ്രദായം വളർത്തിയെടുക്കണം. ഉപഭോക്താവ് ഗുണത്തെപ്പററി ശാഠ്യമുള്ളവനാണ് എന്ന് കണ്ടാൽ ഉൽപ്പന്നങ്ങൾ മികച്ചതായ്ത്തീരും. തകഴി തുടങ്ങിയുള്ള നമ്മുടെ നോവലിസ്ററുകൾ, കഥാകൃത്തുക്കൾ, കവികൾ, നാടകകൃത്തുക്കൾ എന്നിവരെപ്പററി സമഗ്രമായ പഠനങ്ങൾ നമുക്കില്ല. ചില മുഖവുരകളും ചില പുസ്തകാഭിപ്രായങ്ങളും ഒററക്കും തെററക്കുമുള്ള ചില വിലയിരുത്തലുകളും ഉണ്ട് എന്ന കാര്യം മറക്കുന്നുമില്ല. ഇതു പോര, ഓരോ ഗ്രന്ഥകാരനെപ്പററിയും മുൻ വിവരിച്ച കാഴ്ചപ്പാടിൽ മൂല്യനിർണ്ണയം നടത്തണം.

ഒരു മാസം എല്ലാ ജില്ലകളിലും ഏതെങ്കിലും ഒരെഴുത്തുകാരനെപ്പററി യുള്ള ചർച്ചകം നടത്തണം. കഴിവതും ഈ ചർച്ചകം പുരോഗമന കലാസാഹിത്യസംഘത്തിൻെറ സാധാരണ യോഗങ്ങളിൽതന്നെ വേണം നടത്താൻ. സംഘത്തിൻെറ പ്രവർത്തന മേഖലയിലെ ഒരാരം പഠിച്ചെഴുതിയ പ്രബന്ധത്തിൽ ഊന്നി വേണം ചർച്ച. ചർച്ചക്കുശേഷം ഈ പ്രബന്ധങ്ങരം വേണ്ടതിരുത്തലുകളോടെ പ്രസിദ്ധപ്പെടുത്തുവാനും കഴിയണം. ഈ നിലക്ക് മൂന്നുകൊല്ലം കൊണ്ടെങ്കിലും നാൽപ്പതുകരംക്ക് ശേഷമുള്ള സാഹിത്യത്തെ വിലയിരുത്തുന്ന അഗണ്യമല്ലാത്ത ഒരു നിരൂപണ സംമ്പദായം നമുക്കു കെട്ടിപ്പടുക്കാനാവും. അങ്ങിനെ ഒന്നുണ്ടായാൽ, അതിൻെറ സ്വാധീന ശക്തിയിൽനിന്നും ഭാവി മലയാളനിരൂപണം വേണ്ട ജൈവശക്തി സ്വീകരിക്കുവാൻ നിർബന്ധിതമാകും.

തികച്ചും കച്ചവടമനോഭാവത്തെ മുൻനിർത്തിയുള്ള കമേഴ്സ്യൽ സിനിമയ്ക്കെതിരായ ആശയ സമരത്തിൻെറ വേദികളായി ഫിലിം സൊസൈററികളെ രൂപപ്പെടുത്തുവാൻ പുരോഗമന കലാസാഹിത്യസംഘം ബാദ്ധ്യസ്ഥമാണ്. നാടകത്തിൻെറ കാര്യത്തിലാണ് ഏറെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നത്. സിനിമയിലെപ്പോലെ കമേഴ്സിയലിസം നമ്മളുടെ നാടകത്തേയും സ്വാധീനിച്ചിരിക്കുകയാണ്. ഇതിൻെറ ഫലമായി ജനകീയനാടകവേദി എന്ന യാഥാർത്ഥ്യം പോലും തടയപ്പെട്ടിരിക്കുന്നു. സിനിമക്ക് പാകത്തിലൊ സിനിമയിലെപ്പോലെ തന്നെയോ നാടകത്തെ രൂപപ്പെടുത്തിയെടുക്കുകയാണ്. ഇതു നമ്മുടെ ജനകീയ നാടകവേദിയേയും, ജനകീയ നാടകസംസ്ക്കാരത്തേയും അപകടപ്പെടുത്തിയേക്കാം. ഇതൊഴിവാക്കാൻ പുരോഗമന കലാസാഹിത്യ സംഘം നാടകരംഗത്ത് ശക്തിയായി പ്രവർത്തിക്കണം.

ഇവിടെ നാടകമെഴുത്തുകാരുടെ പ്രശ്നം ഉണ്ട്. സോദ്ദേശ്യജനകീയ നാടകമെഴുത്തുകാരുടെ എണ്ണം കുറവാണ്. അമേച്ചർ നാടകമെഴുത്തുകാരുടെ ക്യാമ്പ് മേഖലാടിസ്ഥാനത്തിൽ വിളിച്ചുകൂട്ടി നാടകപ്രമേയത്തെക്കുറിച്ചുകൂടി ചർച്ച ചെയ്യേണ്ടതാണ്. അതിൻെറ അടിസ്ഥാനത്തിൽ എഴുതപ്പെടുന്ന നാടകങ്ങരം വീണ്ടും പരിശോധിച്ച് അവതരിപ്പിക്കാനുള്ള സംവിധാനവും ഉണ്ടാകണം. ഇതിനുസഹായകരമായി നാട്ടിലെ കലാസമിതികളെ പ്രവർത്തനക്ഷമമാക്കേണ്ടതുണ്ട്.

ജനങ്ങളുടെ വായനാശീലം വളർത്തിയെടുക്കുന്നതിന് സഹായകരമായ രീതിയിൽ ഗ്രന്ഥശാലകളെയും വായനശാലകളെയും പ്രയോജനപ്പെടുത്തണം. ആവശ്യമായ സ്ഥലങ്ങളിൽ പുതിയ ഗ്രന്ഥശാലകളും വായനശാലകളും സ്ഥാപിക്കുന്നതിൽ സംഘം മുൻകൈ എടുക്കണം. സാമൂഹ്യപുരോഗതി ലക്ഷ്യം വെച്ചുപ്രവർത്തിക്കുന്ന ഇതര കലാസാഹിത്യപ്രസ്ഥാനങ്ങളുമായി യോജിച്ച് പ്രവർത്തനങ്ങരം സംഘടിപ്പിക്കുന്നതിന് സംഘം മുൻകൈ എടുക്കണം. സമഗ്രമായ പുരോഗമന സാഹിത്യ ചരിത്ര നിർമ്മാണം സംഘത്തിൻെറ പ്രധാന കടമയായി ഏറെറടുക്കണം. നാടിനും, നാട്ടാർക്കും വേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച

വരുടെ ജീവചരിത്രക്കുറിപ്പുകൾ തയ്യാറാക്കണം. കേരളത്തിലെ ഐതിഹാസികമായ സമരങ്ങളുടെ ചരിത്രം തയ്യാറാക്കുന്നതിലും ഈ സംഘം ശ്രദ്ധിക്കണം. ലിററററി ജേർണ്ണലിസത്തിൻെറയും, ഫോട്ടോ ജേർണ്ണലിസത്തിൻെറയും സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ കഴിയണം. മൺമറഞ്ഞ കലാസാഹിത്യനായകൻമാരുടെ സ്മരണ നിലനിർത്തുവാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. ബാലസാഹിത്യരംഗത്തും സംഘത്തിൻെറ സജീവ ശ്രദ്ധപതിയേണ്ടതുണ്ട്.

ചുരുക്കത്തിൽ കേരളത്തിലെ സാംസ്ക്കാരിക ചലനങ്ങൾക്ക് പുരോഗമനപരമായ കാഴ്ചപ്പാടും നേതൃത്വവും നൽകുന്നതിൽ പുരോഗമന കലാസാഹിത്യസംഘം നിരന്തരം ശ്രദ്ധിച്ചുകൊണ്ടിരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## പുരോഗമന കലാസാഹിത്യ സംഘം

# നിയമാവലി

പേര്: ഈ സംഘടനയുടെ പേര് പുരോഗമന കലാസാഹിത്യസംഘം എന്നായിരിക്കും.

ലക്ഷ്യം: കലാസാഹിത്യാദിരംഗങ്ങളിൽ സാമൂഹികപുരോഗതി ലക്ഷ്യം വെച്ചു പ്രവർത്തിക്കുന്നവരുടെ ഒരു പൊതുവേദിയായിരിക്കും ഇത്.

പ്രവർത്തനമേഖല: മലയാളഭാഷയും സാഹിത്യവും കൈകാര്യം ചെയ്യുന്ന ജനവിഭാഗങ്ങളെ ഉൾക്കൊള്ളുന്നതായിരിക്കും ഈ സംഘടന.

പ്രവർത്തന രംഗം: സാഹിത്യാദികലാരംഗങ്ങൾ.

എംബ്ലം: അദ്ധ്വാനവും കലയും സമന്വയിക്കുന്ന ഒന്നായിരിക്കും.

പതാക: വെള്ളനിറത്തിലുള്ള പതാകയിൽ ചുവന്ന എംബ്ലം.

ഘടന ; അടിസ്ഥാനഘടകം മുനിസിപ്പൽ/കോർപ്പറേഷൻ. വാർഡ്/പഞ്ചായത്ത് അടിസ്ഥാനപ്പെടുത്തിയിട്ടുള്ള യൂണിററ്. യൂണിററിന് ഒരു കൺവീനർ ഉണ്ടായിരിക്കണം.

താലൂക്ക് കമ്മററി: യൂനിററുകളുടെ പ്രാതിനിധ്യമുള്ള 35 പേരിൽ കവിയാത്തത്. ഇതിൻെറ എക്സിക്യൂട്ടീവിൽ 15 പേരിൽ കവിയാൻ പാടില്ല.

ജില്ലാകമ്മററി: 51 പേരിൽ കവിയാത്തതായിരിക്കും.
എക്സിക്യൂട്ടീവിൽ 15 പേരിൽ കൂടാൻ പാടില്ല.

സംസ്ഥാന കമ്മററി: ഈ കമ്മററിയിൽ 101 പേരിൽ കവിയാൻ പാടില്ല. 25 പേരുള്ള ഒരു എക്സിക്യൂട്ടീവും ഉണ്ടായിരിക്കണം.

**ഭാരവാഹികൾ:** താലൂക്ക് കമ്മററി-പ്രസിഡൻറ്, രണ്ട് വൈസ് പ്രസിഡൻറുമാർ, സെക്രട്ടറി, രണ്ട് ജോയിൻറ് സെക്രട്ടറിമാർ.

ജില്ലാ കമ്മററി: പ്രസിഡൻറ്, രണ്ട് വൈസ് പ്രസിഡൻറുമാർ, സെക്രട്ടറി, രണ്ട് ജോയിൻറ് സെക്രട്ടറിമാർ.

സംസ്ഥാന കമ്മററി: പ്രസിഡൻറ്, മൂന്ന് വൈസ് പ്രസിഡൻറുമാർ, ജനറൽ സെക്രട്ടറി, മൂന്ന് സെക്രട്ടറിമാർ.

തെരഞ്ഞെടുപ്പ്: (A) യൂണിററ് ജനറൽബോഡിയിൽ നിന്ന് യൂണിററുകമ്മററിയും, യൂണിററ് പ്രതിനിധികളുടെ താലൂക്ക്തലസമ്മേളനത്തിൽ നിന്ന് താലൂക്ക് കമ്മററിയും താലൂക്ക് പ്രതിനിധികളുടെ ജില്ലാതലസമ്മേളനത്തിൽ നിന്ന് ജില്ലാകമ്മററിയും, ജില്ലാ പ്രതിനിധി സംസ്ഥാന തലസമ്മേളനത്തിൽ നിന്ന് സംസ്ഥാന കമ്മററിയും തെരഞ്ഞെടുക്കണം.

(B) താലൂക്ക് കമ്മററിമുതൽ സംസ്ഥാന കമ്മററിവരെ കോ-ഓപ്ഷന് അധികാരമുണ്ടായിരിക്കും. കോ-ഓപ്ഷന് മേൽ കമ്മററിയുടെ അംഗീകാരമുണ്ടായിരിക്കണം. പത്തുശതമാനത്തിൽ കവിയാൻ പാടില്ല കോ-ഓപ്ഷൻ.

## കമ്മററികളുടെ ചുമതല

സംസ്ഥാനകമ്മററി: (1) ഔദ്യോഗിക ഭാരവാഹികളെ തെരഞ്ഞെടുക്കുക. (2) ഇതിൽ നിർവ്വചിച്ചിട്ടുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ നടപ്പിലാക്കാനാവശ്യമായ നയപരവും, പ്രായോഗികവുമായ നേതൃത്വം നൽകുക. (3) കീഴ് കമ്മററികളുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും സഹായിക്കുകയും ചെയ്യുക.

ജില്ലാകമ്മററി: (1) ജില്ലാഭാരവാഹികളെ തെരഞ്ഞെടുക്കുക. (2) ജില്ലയിലെ കലാസാഹിത്യ പ്രവർത്തനങ്ങൾക്ക് നയപരവും പ്രായോഗികവുമായ നേതൃത്വം നൽകുക. (3) കീഴ് കമ്മററികളുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും സഹായിക്കുകയും ചെയ്യുക.

താലൂക്ക് കമ്മററി: (1) താലൂക്ക് ഭാരവാഹികളെ തെരഞ്ഞെടുക്കുക. (2) യൂണിററുകൾ സംഘടിപ്പിയ്ക്കുക, യൂണിററു പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക, താലൂക്ക് തലപ്രവർത്തനങ്ങൾ സംഘടിപ്പിയ്ക്കുക.

കമ്മററികൾ കൂടേണ്ടത് : യൂണിററുകൾ കുറഞ്ഞത് മാസത്തിൽ ഒരിക്കലും താലൂക്ക് കമ്മററി കുറഞ്ഞത് രണ്ടുമാസത്തിൽ ഒരിക്കലും കൂടണം.

താലൂക്ക്—ജില്ലാ കമ്മററികൾ കൂടുന്നതിനിടയ്ക്ക് ദൈനംദിന പ്രവർത്തനങ്ങൾക്കായി എക്സിക്യൂട്ടീവ് നിർബന്ധമായും കൂടണം. എങ്കിലും എക്സിക്യൂട്ടീവ് മാസത്തിൽ ഒരിക്കലെങ്കിലും സാധാരണ ചേരണം.

സംസ്ഥാന കമ്മററി മൂന്നു മാസത്തിൽ ഒരിക്കലും എക്സിക്യൂട്ടീവ് മാസത്തിൽ ഒരിയ്ക്കലും കൂടണം.

## ഔദ്യോഗിക ഭാരവാഹികളുടെ ചുമതലകൾ

പ്രസിഡണ്ടുമാർ കമ്മററിയോഗങ്ങളിൽ അദ്ധ്യക്ഷത വഹിയ്ക്കണം. അവരുടെ അസാന്നിദ്ധ്യത്തിൽ വൈസ് പ്രസിഡൻറുമാരിൽ ഒരാളായിരിക്കണം അദ്ധ്യക്ഷൻ.

സെക്രട്ടറിമാർ ബന്ധപ്പെട്ട കമ്മററികളുടെ റിക്കാർഡുകളുടേയും വസ്തുവകകളുടെയും കസ്റേറാഡിയനായിരിക്കും. ദൈനംദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കൽ, പ്രസിഡണ്ടിൻെറ അനുമതിയോടെ യഥാ സമയം കമ്മററി വിളിച്ചു ചേർക്കൽ തുടങ്ങിയവ മുഖ്യചുമതല സെക്രട്ടറിമാരെ സഹായിക്കലാണ് ജോ: സെക്രട്ടറിമാരുടെ ചുമതല

## അടിസ്ഥാനഘടകം

പഞ്ചായത്ത് യൂണിററ് ആയിരിയ്ക്കും. ഓരോ പഞ്ചായത്തിലും ഓരോ യൂണിററെങ്കിലും ഉണ്ടാവണം. 15 രൂപ അഫിലിയേഷൻ ഫീസ്. ഇതിൽ 5 രൂപ വീതം താലൂക്ക് കമ്മററി, ജില്ലാ കമ്മററി, സംസ്ഥാന കമ്മററി എന്നിവയ്ക്കുള്ളതാണ്.

ഫണ്ട്: ഓരോ വർഷവും ഫണ്ട് സ്വരൂപിയ്ക്കണം. കലാപരിപാടികൾ സിനിമാപ്രദർശനം മുതലായവ ജില്ലാ കമ്മററികളുടെ സഹകരണത്തോടെ സംഘടിപ്പിച്ച് സംസ്ഥാന കമ്മററിക്ക് ആവശ്യസന്ദർഭങ്ങളിൽ ഫണ്ട് ഉണ്ടാക്കാം. സംഭാവന സ്വീകരിച്ച് ഫണ്ട് സ്വരൂപിയ്ക്കാം. കീഴ്കമ്മററികൾ തൊട്ടു മുകളിലുള്ള കമ്മററിയുടെ അനുവാദത്തോടുകൂടി മാത്രമേ ഫണ്ട് ശേഖരിയ്ക്കാൻ പാടുള്ളു.

മുഖപത്രം: സംഘത്തിന് ഒരു മുഖപത്രം ഉണ്ടായിരിയ്ക്കണ.

പുസ്തകപ്രസിദ്ധീകരണം: സംഘത്തിൻെറ ആഭിമുഖ്യത്തിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കേണ്ടതാണ്. ജില്ലാ കമ്മററികൾ പുസ്തകം പ്രസിദ്ധീകരിയ്ക്കുന്നുണ്ടെങ്കിൽ സംസ്ഥാന കമ്മററിയുടെ അനുവാദം വാങ്ങിച്ചിരിയ്ക്കണം.

കമ്മററികളുടെ കാലാവധി: യൂണിററുകളുടെകാലാവധി ഒരു കൊല്ലവും ഉപരി കമ്മററികളുടേത് രണ്ടുകൊല്ലവും ആയിരിയ്ക്കും.

ചാരിററബിൾ സൊസൈററീസ് ആക്ററ് അനുസരിച്ച് ഈ സംഘം രജിസ്ററർ ചെയ്യണം.

# സാർവദേശീയ ഗാനം

പാരീസ് കമ്മ്യൂണിന്റെ പരാജയത്തെത്തുടർന്ന്, 1871-ലെ വേനൽക്കാലത്ത് ഇംഗ്ലണ്ടിലേക്ക് രക്ഷപ്പെട്ട ധീരരായ കമ്മ്യൂണാർഡുകളുടെ കൂട്ടത്തിൽ ഫ്രഞ്ചുതൊഴിലാളി - വിപ്ലവകവി, **എഷേനിപോത്യേ** (Eugene Pottier) (1816-1887) യുമുണ്ടായിരുന്നു. കമ്മ്യൂൺ പരാജയത്തിന്റെ പിറ്റേന്നാൾ രചിക്കപ്പെട്ട ഒരു ഗാനം അദ്ദേഹം കൂടെ കൊണ്ടുവന്നിരുന്നു. പാരീസ് വിപ്ളവത്തിന്റെ അഗ്നി ജ്വലിച്ചുനിന്ന ആ ഉജ്ജ്വലഗാനം, മാർക്സിന്റെയും എംഗൽസിന്റെയും പ്രേരണയിൽ ഉടനടി പല ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. അതാണ് പിന്നീട് ലോകതൊഴിലാളിവർഗ്ഗത്തിന്റെ ഗാനമായിത്തീർന്ന 'സാർവദേശീയഗാനം.' (The Internationale)

---

ഉണരുവിൻ !
ഉയരുവിൻ !
പട്ടിണിയുടെ തടവുകാരെ നിങ്ങളുണരുവിൻ!
ഭൂമിയിലെ പീഡിതരെ നിങ്ങളുണരുവിൻ !
ഇടിമുഴക്കിയലറിനിൽപ്പു നീതിയന്ത്യശാസനം
പിറവി കൊൾകയായി രമ്യ നവ്യലോകമൊന്നിതാ
പഴമതൻ വിലങ്ങു പൂട്ടിയിടുകയില്ല നമ്മളെ
അടിമകൾ നകം വലിച്ചെറിഞ്ഞുയിർത്തെണീക്കയായ്,
പുതിയതാം തറക്കുമേലെയുലകമിനിയുയർന്നിടും
ഇന്നലെവരെ ഒന്നുമല്ല നമ്മളെങ്കിലും
ഇന്നുതൊട്ടുനമ്മളാകുമെല്ലാം.

കോറസ് : ഒടുവിലത്തെ യുദ്ധമായ്, നിലയെടുത്തു നില്ക്കുവിൻ
അഖിലലോകഗാനമിതു മനുഷ്യവംശമാകും!

വേണ്ടവേണ്ട മുകളിൽ നിന്നിറങ്ങി വന്ന രക്ഷകർ
വേണ്ട രാജസഭയിൽനിന്നു നമ്മളെ ഭരിക്കുവോർ!
തൊഴിലെടുക്കുവോർക്കുവേണ്ടയവരെറിഞ്ഞ തുട്ടുകൾ!
കള്ളനെപ്പിടിച്ച കളവുമുതൽ തിരിച്ചുവാങ്ങുവാൻ
തടവിൽനിന്നുമനുജചേതനയ്ക്കുമുക്തിനല്കുവാൻ
സകലവർക്കുമായ് നമുക്ക് വഴിതിരക്കിടാം.
നമ്മളെന്തു ചെയ്യണം? നമ്മൾ നിശ്ചയിക്കണം
നമ്മൾ നിശ്ചയിച്ചുറച്ചു നല്ലപോലെ ചെയ്യണം.

കോറസ് : ഒടുവിലത്തെ...... മനുഷ്യവംശമാകും!

നിയമമിന്നു ചതികളാൽകൊണ്ടടിച്ചമർത്തിടുന്നു നമ്മെ
രുധിരമൂററിടുന്ന കൂലിയടിമ സമ്പ്രദായവും
ധനികനില്ല കടമകൾ, നിയമമവശനൊരുകെണി
അലസരായ് മയങ്ങി നമ്മളടിമയായിയേറെനാൾ,
സ്ഥിതിസമത്വനിയമമൊന്നുവേറെ; സമതയിങ്ങനെ
പറയും: ''ഇല്ല കടമയെങ്കിലില്ലയൊരവകാശവും
സ്വന്തമാക്കുവാനൊരാൾക്കുമാവുകില്ല തുല്യരെ''

കോറസ് : ഒടുവിലത്തെ........മനുഷ്യവംശമാകും!

മിഴിവിടർത്തി വീമ്പിയന്നൊരരചരവരെ നോക്കുവിൻ,
ഖനിയടക്കി, റെയിലടക്കി മണ്ണടക്കി വാഴുവോർ!
തൊഴിൽകവന്ന ചൂഷകൻെറ ചരിതമൊഴികെയെന്തുകാണു–
മവരുടെ വൻ കഥകളിൽ? അവരുടെ വൻ കഥകളിൽ?
വേർപ്പൊഴുക്കി നാമൊരുക്കി നേട്ടമൊക്കെയലസർതൻ
കോട്ടയിൽ പൊലിച്ചുകൂട്ടി അതുപിടിച്ചെടുക്കനീതി
അതിനു നമ്മളുടമകൾ, അതിനു നമ്മളുടമകൾ

കോറസ് : ഒടുവിലത്തെ.......മനുഷ്യവംശമാകും!

ഒന്നുചേർന്നു നിൽക്കനാം വിഭിന്ന ജോലിചെയ്യുവോർ
കയ്യുകയ്യിണക്കിനിൽക്ക വേർപ്പണിഞ്ഞ മെയ്കളിൽ
എങ്കിലുലകുമുഴുവനും നമ്മുടേതുമാത്രമാം
മെയ്യനങ്ങിടാത്തവർക്കു സ്ഥാനമില്ല ഭൂമിയിൽ
നമ്മളെക്കടിച്ചുകാർന്നു ചീർത്തകൂട്ടരെത്രപേർ!
എങ്കിലും വരും വരും പ്രഭാതമൊന്നു ഭൂമിയിൽ
അന്നകന്നു പോകുമിന്നു ചോരയൂററും കഴുകുകൾ.
അന്നുതൊട്ടുദാരമാം വെളിച്ചമാണ് ഭൂമിയിൽ

കോറസ് : ഒടുവിലത്തെ........മനുഷ്യവംശമാകും!

(വിവർത്തനം : സച്ചിദാനന്ദൻ)

# നമ്മൾ വിജയിച്ചിടും

അജ്ഞാത കർത്തൃകമായ അമേരിക്കൻ നീഗ്രോ കീർത്തനങ്ങളിൽ ഒന്നാണ് 'നമ്മൾ വിജയിച്ചിടും' (We shall overcome). പൌരാവകാശ പ്രസ്ഥാനങ്ങളുടെ പിറവിയോടെ അത് അമേരിക്കയിലെ കറുത്തവരുടെ വിപ്ളവഗാനമായി പ്രാധാന്യം നേടി. ഇന്ന് ലോകത്തെമ്പാടുമുള്ള വിമോചനപ്പോരാട്ടങ്ങളിൽ ഈ ഗാനം ആലപിക്കപ്പെടുന്നുണ്ട്.

നമ്മൾ വിജയിച്ചിടും,
നമ്മൾ വിജയിച്ചിടും,
നമ്മൾ വിജയിച്ചീടുമെന്നെങ്കിലും
എൻ ഹൃത്തിനാഴത്തിൽ
ഞാൻ വിശ്വസിക്കുന്നു
നമ്മൾ വിജയിച്ചീടുമെന്നെങ്കിലും

നമ്മൾ കരം കരം കോർത്തു നടന്നിടും,
നമ്മൾ കരം കരം കോർത്തു നടന്നിടും,
നമ്മൾ കരം കരം കോർത്തു നടന്നീടുമെന്നെങ്കിലും.
എൻ ഹൃത്തിനാഴത്തിൽ
ഞാൻ വിശ്വസിക്കുന്നു
നമ്മൾ വിജയിച്ചീടുമെന്നെങ്കിലും

നമ്മൾ സമാധാനമോടെ ജീവിച്ചിടും,
നമ്മൾ സമാധാനമോടെ ജീവിച്ചിടും,
നമ്മൾ സമാധാനമോടെ ജീവിച്ചീടുമെന്നെങ്കിലും
എൻ ഹൃത്തിനാഴത്തിൽ
ഞാൻ വിശ്വസിക്കുന്നു
നമ്മൾ വിജയിച്ചീടുമെന്നെങ്കിലും.

ഈ വലിയ ലോകത്തിലെവിടെയും,
ഈ വലിയ ലോകത്തിലെവിടെയും
ഈ വലിയ ലോകത്തിലെവിടേയുമെന്നെങ്കിലും.
എൻ ഹൃത്തിനാഴത്തിൽ
ഞാൻ വിശ്വസിക്കുന്നു
നമ്മൾ വിജയിച്ചീടുമെന്നെങ്കിലും.

○ (വിവർത്തനം : ഉമേഷ് ബാബു കെ. സി.)

# അപരാജിതരുടെ ഗീതം

## കുഞ്ഞപ്പ പട്ടാന്നൂർ

കുരുതിക്കന്നും കരളിൽ പേറി വരുന്നവർ ഞങ്ങൾ ഞങ്ങൾ
ചുടലക്കാട്ടും നെഞ്ചിൽ പേറി വരുന്നവർ ഞങ്ങൾ ഞങ്ങൾ
പ്രതികാരത്തിൻ ഗീതം പാടി വരുന്നവർ ഞങ്ങൾ ഞങ്ങൾ
പ്രതിരോധത്തിൻ ഗാഥകൾ പാടി വരുന്നവർ ഞങ്ങൾ ഞങ്ങൾ

കടലോരക്കോട്ടകളിൽ പടയേററം കണ്ടവർ ഞങ്ങൾ
കഴകൻെറ കൊല്ലികളിൽ കൊടിയേററം കണ്ടവർ ഞങ്ങൾ
മുടി ചൂടിയ മന്നന്മാരിൽ കിടിലങ്ങൾ നട്ടവർ ഞങ്ങൾ
നെടുനാളായ് നനവുകൾ തേടി നാടോടികളായവർ ഞങ്ങൾ

ഇന്നിപ്പോൾ ഞങ്ങളൊരുങ്ങി
കമ്പാരക്കനികളിറങ്ങി
കൊല്ലൻെറ കൊട്ടിലുതാണ്ടി
കടലേന്തും കൊടിമരമായി
ഞങ്ങൾ വരുന്നു !
കഴകൻെറ കോടികൾ തകർക്കാൻ
കടലോരക്കോട്ട പിടിക്കാൻ
ഞങ്ങളൊരുങ്ങി വരുന്നു! (ഞങ്ങ............)

○

# ഐക്യഗാഥ

**കരിവെള്ളൂർ മുരളി**

പാടാം നമുക്കൊത്തുപാടാം
കീറിപ്പറിയുമീ ഭാരതത്തിൻ പേരിൽ
പാടാം നമുക്കൊത്തു പാടാം....പാടാം
കത്തികടേൽമാലകീറുമീ ഇന്ത്യതൻ
മക്കളെയോർത്തു നാമൊത്തു പാടാം
പാടാം, മനുഷ്യ മനസ്സിൽ
സംഗീതം നുരയുന്നത്, നിറയുന്നത്
വരെ നാം പാടാം
പാടാം, ആസുരതകളൊഴിയുന്നത്
തെളിയുന്നത്, കനിവിൻെറ തെളിയുറവുകളം
കിനിയുന്നതുവരെ നാം തുടികൊട്ടിപ്പാടാം.
തുടികൊട്ടിപ്പാടാം. പാടാം., പാടാം, പാടാം

ഹിന്ദുവും കൃസ്ത്യനും സിക്കും മുസൽമാനു–
മെന്തെല്ലാമായ് നാം ശിരസ്സുകീറി
ഹിന്ദി, തെലുങ്ക്, തമിഴ്, കന്നഡ പിന്നെ
യെന്തിനെല്ലാം വേണ്ടി നെഞ്ചുകീറി
ചിന്തുന്നതെന്തിളം ചോര.......
സ്വന്തം ഉടപ്പിറന്നോൻെറ ചോര
പണിയെടുക്കുന്നോൻെറ, പശിയടങ്ങാത്തോൻെറ
പുതിയകാലത്തിൻെറ സ്വപ്നസംഘാതങ്ങ–
ളവയുടെ ചങ്കററുവീണ ചോര

അംഗം, കലിംഗം, പാടലീപുത്രം
വംഗദേശത്തിൻ മലഞ്ചരിവും
പഞ്ചാബു, മാസ്സാമു, മുത്തരാഖണ്ഡവും
ഇന്ദ്രപ്രസ്ഥത്തിലും രക്തഗന്ധം
മേഘാലയത്തിൽ, മിസോറാം, മണിപ്പൂരി–
ലേതാണ് ശാന്തം നിതാന്തഭദ്രം

രണ്ടായിരം നാഴികയ്ക്കപ്പുറം ദിഗോഗാർഷ്യയിൽ
ലാഹോറിൽ, ശ്രീലങ്കയിൽ
എന്തിനിന്നിന്ത്യക്കു ചുററും ഉറങ്ങാതെ
തഞ്ചംപാർക്കും ചതിക്കണ്ണുകൾ
കഴുകൻെറ നഖമുനകൾ, കൊക്കുകൾ, കണ്ണിൽ
നിന്നൊഴിയാത്ത വഴിയുന്ന രക്തദാഹം
കഴുകൻെറ കയ്യാളുകൾ, പലവേഷങ്ങൾ
പലജാതികൾ, പല മതഭ്രാന്തുകൾ
അവയുടെ കുടിലമോഹങ്ങൾ ചുരത്തുന്ന
വിഷമാണിതൊഴുകുന്നതെങ്ങുമെങ്ങും
അതു തുടച്ചെറിയുവാൻ സ്നേഹനറുംതേ–
നൊഴുകിപ്പരക്കുവാനതിനു പാടാം ....
പാടാം ........

O

# ഞങ്ങൾ

**കരുണാകരൻ പുതുശ്ശേരി**

നിങ്ങളുടെ തറകളിൽ
നിങ്ങളുടെ പറകളിൽ
ഞങ്ങളുടെ കൈകൾ തുടിക്കുന്നതോർക്കുക!

നിങ്ങളുടെ ചുവരിലും
നിങ്ങളുടെ മച്ചിലും
ഞങ്ങളുടെ ശക്തിതൻ ഗർജ്ജനം കേൾക്കുക!

നിങ്ങളുടെ കല്ലിലും
നിങ്ങളുടെ മണ്ണിലും
ഞങ്ങളുടെ വേർപ്പിന്റെ പാട്ടുകൾ കേൾക്കുക!

നിങ്ങൾക്കു തീനും കുടിയുമൊരുക്കുന്ന
ഞങ്ങൾക്കുമുണ്ടേ വയറെന്നുമോർക്കുക!

നിങ്ങളുടെ നാണവും മാനവും കാക്കുന്ന
ഞങ്ങൾക്കുമുണ്ടഭിമാനമെന്നോർക്കുക!

നിങ്ങൾ ചവുട്ടിച്ചതയ്ക്കുന്ന ഞങ്ങളുടെ
കൺകളും കാതുമീ നാവുമാണോർക്കുക!

നിങ്ങൾ പ്രതാപികളാവുന്നതിൻ പിന്നിൽ
ഞങ്ങളുടെ വീര്യമാണുള്ളതെന്നോർക്കുക!

നിങ്ങളുടെ വണ്ടിയും നിങ്ങളുടെ ഭാരവും
ഞങ്ങളുടെ മെയ്യിലാണുള്ളതെന്നോർക്കുക!

നിങ്ങളുടെ ഫാക്ടറി തുപ്പുന്ന തീപ്പുക
ഞങ്ങളുടെ നെഞ്ചിന്റെയൂററമാണോർക്കുക!

നിങ്ങളുടെ തൂണിലും നിങ്ങടെ തുരുമ്പിലും
ഞങ്ങൾ പൊരുളായ് മറഞ്ഞതുമോർക്കുക
ഞങ്ങൾക്കറിയാം, ഇതെല്ലാം പറകിലും
നിങ്ങൾ സ്വബോധം നശിച്ചവരെന്നും

ഇന്നൊരുകാര്യം പറഞ്ഞു നിർത്താം ഞങ്ങൾ
നിങ്ങളുടെ മുതലുകൾ പൊട്ടിപ്പിളർന്നു ചേർന്നൊന്നായ്
കരുത്തുററ ബോധമായ് സംഘമായ്
ഞങ്ങളുടെ മക്കളെ കാത്തുസൂക്ഷിക്കുവൻ!

O

# ഒരു ഗാനം

സച്ചിദാനന്ദൻ

പെരുമലയിൽ പൂതമഞ്ഞിൻ
ജടയിൽനിന്നു പാടുന്നു ഞങ്ങൾ
വന നടുവിൽ പെരുമ്പാമ്പിൻ
വായിൽനിന്നു പാടുന്നു ഞങ്ങൾ
കഴുകന്റെ കരിനഖത്തിൻ
മുനയിൽനിന്നു പാടുന്നു ഞങ്ങൾ
കടലിൽത്തീത്തിമിംഗലത്തിൻ
കുടലിൽനിന്നു പാടുന്നു ഞങ്ങൾ
കഴുമരത്തിൻ ചോട്ടിൽനിന്നും
തലയോട്ടി തുടികൾ കൊട്ടി
തലയുയർത്തി പാടുന്നു ഞങ്ങൾ
തടവറതൻ വയറിൽനിന്നും
നടുവെല്ലിൻ കുഴൽ വിളിച്ചു
പുതു കിനാക്കൾ പാടുന്നു;
അരിവാളിൻ ചുണ്ടിൽ നിന്നേ
കതിരുണ്ടായ് ചിരിയുണ്ടായി
ചുററികതന്നടിയിൽനിന്നേ
കഥയുണ്ടായ് പാട്ടുണ്ടായി.

..................................

..................................

O

(ബ്രെഹ്തിന്റെ 'അമ്മ' നാടകത്തിനുവേണ്ടി 1978 ൽ എഴുതപ്പെട്ട ഒരു ഗാനത്തിന്റെ ആദ്യഭാഗമാണിത്)

# ജനകീയതയെക്കുറിച്ച്

**ബെർതോൾട്ട് ബ്രെഹ്ത്**

ജനകീയരീതിയിലെഴുതുവാൻ നാം പ്രത്യേകം പരിശ്രമിക്കേണ്ട കാലമാണിത്. അത് കൂടുതൽ അനായാസവുമായിട്ടുണ്ട്. അനായാസവും അടിയന്തിരവും. ജനത അതിന്റെ മേൽനിരയിൽനിന്ന് വ്യക്തമായും വിട്ടുപോന്നിരിക്കുന്നു. പീഡകരും ചൂഷകരും അവരെ പിരിഞ്ഞിരിക്കുന്നു. അവഗണിക്കാനാവാത്ത ഒരു ചോരപ്പോരിൽ അവരുൾപ്പെട്ടിരിക്കുന്നു. ഇപ്പോൾ പക്ഷംപിടിക്കൽ മുമ്പത്തേക്കാൾ എളുപ്പമാണ്. ആസ്വാദകലോകത്തിന്നുള്ളിൽ തുറന്നയുദ്ധം പൊട്ടിപ്പുറപ്പെട്ടിരിക്കുന്നതായി തോന്നുന്നു. ഒപ്പംതന്നെ യഥാതഥമായ–റിയലിസ്റ്റിക്–രചനാരീതിക്കായുള്ള ആവശ്യവും തള്ളിക്കളയാനാവില്ല. ഭരണവർഗ്ഗങ്ങൾ മുമ്പത്തെക്കാൾ തുറന്ന രീതിയിൽ നുണപറയാൻ തുടങ്ങിയിരിക്കുന്നു. നുണകൾ വലുതായിട്ടുമുണ്ട്. ദുരിതങ്ങൾ പെരുകിയിരിക്കുന്നു. ജനതയുടെ ദുരിതവുമായി തട്ടിച്ചുനോക്കുമ്പോൾ ചെറിയ ബുദ്ധിമുട്ടുകളെയും ചെറുസംഘങ്ങളുടെ ബുദ്ധിമുട്ടുകളെയുംകുറിച്ചോർത്തു വിഷമിക്കുന്നത് നിന്ദ്യവും നിസ്സാരവുമായിത്തീർന്നിരിക്കുന്നു. കാടത്തത്തിന്റെ ഈ വളർച്ചക്കെതിരെ ഒരൊററ ശക്തിയേയുള്ളു. അത് അടിച്ചേൽപ്പിക്കുന്ന ദുരിതങ്ങൾക്കിരയാകുന്ന ജനങ്ങൾ. ജനങ്ങൾ മാത്രമേ എന്തെങ്കിലും സാദ്ധ്യത തുറന്നിടുന്നുള്ളു. അതിനാൽ നാം അവരിലേക്ക് തിരിയുന്നത് സ്വാഭാവികമാണ്. അവരുടെ ഭാഷ സംസാരിക്കുന്നത് മുമ്പെന്നത്തേക്കാളും ആവശ്യവും.

ജനകീയം എന്നുപറയുമ്പോൾ നമ്മുടെ മനസ്സിലുള്ളത് ചരിത്രം സൃഷ്ടിക്കുകയും ലോകത്തെയും അവരവരെത്തന്നെയും മാററിപ്പണിയുകയും ചെയ്യുന്ന ഒരു ജനതയാണ്. പൊരുതുന്ന ഒരു ജനതയും, പൊരുതുന്ന ജനകീയതയെക്കുറിച്ചുള്ള സങ്കൽപ്പവുമാണ് നമുക്കുള്ളത്. 'ജനകീയം' എന്നുപറഞ്ഞാൽ ഇതാണർത്ഥം. വിശാല ജനതതികൾക്ക് സുഗ്രഹമായത്, അവരുടെതന്നെ ആവിഷ്കരണരൂപങ്ങൾ സ്വീകരിച്ച് അവയെ പുഷ്ടിപ്പെടുത്തുന്നത്, അവരുടെ വീക്ഷണം അംഗീകരിച്ചുറപ്പിക്കുന്നത്, ജനതയുടെ ഏററവും പുരോഗമിച്ച വിഭാഗത്തെ പ്രതിനിധാനം

ചെയ്ത് നേതൃത്വമേറെറടുക്കാൻ അതിനെ പ്രേരിപ്പിക്കുന്നത്, അങ്ങനെ ഇതരവിഭാഗങ്ങൾക്കും ആസ്വാദ്യമായത്, പാരമ്പര്യവുമായി ബന്ധപ്പെട്ട് അതിനെ മുന്നോട്ട് കൊണ്ടുപോകുന്നത്, ഇപ്പോൾ നേതൃത്വംവഹിക്കുന്ന വർഗ്ഗത്തിൻെറ നേട്ടങ്ങളെ നേതൃത്വമേറെറടുക്കാനായി സമരം ചെയ്യുന്ന വിഭാഗങ്ങൾക്ക് കൈമാറുന്നത്.

ഇനി റിയലിസത്തിൻെറ കാര്യം: നമ്മുടെ മനസ്സിലുള്ളത് യഥാർത്ഥ ലോകത്തെ മാററിമറിക്കുന്ന, പൊരുതുന്ന ഒരു ജനതയായതിനാൽ നാം ''പരീക്ഷിച്ചു തെളിയിക്കപ്പെട്ട'' രൂപങ്ങളിലോ, സാഹിത്യചരിത്രത്തിലെ അമൂല്യമാതൃകകളിലോ, അനശ്വരമായ സൗന്ദര്യശാസ്ത്രനിയമങ്ങളിലോ പിടിച്ചുതൂങ്ങി നിന്നുകൂടാ; ചില പ്രത്യേക കലാസൃഷ്ടികളിൽനിന്ന് ഒരേയൊരുതരം റിയലിസത്തെ വേർതിരിച്ചെടുത്തുകൂടാ; പകരം പഴയതും പുതിയതും, പരീക്ഷിച്ചതും പരീക്ഷിക്കാത്തതും, കലയിൽനിന്നു വരുന്നതും മററു പ്രഭവങ്ങളിൽനിന്നു വരുന്നതുമായ എല്ലാ മാർഗ്ഗങ്ങളും നാം സജീവമായി ഉപയോഗിക്കണം. അങ്ങനെ ജീവിക്കുന്ന ജനതക്ക് യാഥാർത്ഥ്യം എത്തിച്ചുകൊടുക്കണം. അവരെ യാഥാർത്ഥ്യത്തിനുമേൽ അധീശത്വം സ്ഥാപിക്കാൻ പ്രാപ്തരാക്കണം.

റിയലിസത്തെക്കുറിച്ചുള്ള നമ്മുടെ സങ്കല്പം വിശാലവും രാഷ്ട്രീയവുമായിരിക്കണം. പഴഞ്ചൻ മുറകളിലും സൗന്ദര്യാത്മകമായ സങ്കുചിതത്വങ്ങളിലും നിന്ന് സ്വതന്ത്രമായിരിക്കണം. ''റിയലിസ്ററ്'' ആയിരിക്കുക എന്ന് പറഞ്ഞാൽ ഇതാണർത്ഥം. സമൂഹത്തിൻെറ മൂലപ്രേരണകളുടെ സങ്കീർണ്ണ ബന്ധങ്ങൾ തുറന്നുകാട്ടുക, അധീശത്വം വഹിക്കുന്ന വീക്ഷണം അധികാരികളുടെ പരീക്ഷണമാണെന്നു തെളിയിക്കുക. മനുഷ്യവർഗ്ഗത്തെ പീഡിപ്പിക്കുന്ന അടിയന്തര പ്രശ്നങ്ങൾക്ക് ഏററവും വിശാലമായ പരിഹാരങ്ങൾ തയ്യാറാക്കിയിരിക്കുന്ന വർഗ്ഗത്തിൻെറ നിലപാടിൽനിന്നുകൊണ്ട് എഴുതുക, വികാസത്തിൻെറ ചലന നിയമങ്ങൾക്ക് ഊന്നൽ നൽകുക. അമൂർത്തചിന്തനത്തെ പ്രോൽസാഹിപ്പിക്കുന്ന തരത്തിൽ മൂർത്തമായിരിക്കുക.

റിയലിസം കേവലം രൂപപരമായ ചോദ്യമല്ല. പഴയ റിയലിസ്ററുകളുടെ രീതിയിൽ പകർത്തിയാൽ നാം സ്വയം റിയലിസ്ററുകളല്ലാതായിത്തീരും. കാരണം കാലം ഒഴുകിക്കൊണ്ടേയിരിക്കുന്നു. അല്ലാത്തപക്ഷം ഉണ്ണാൻ സ്വർണ്ണമേശകളില്ലാത്തവർക്ക് പ്രതീക്ഷക്ക് വക

യുണ്ടാകുമായിരുന്നില്ല. പഴയ സമ്പ്രദായങ്ങൾ തേഞ്ഞുപോകുന്നു. പഴയ ചോദനകൾ പരാജയപ്പെടുന്നു. പുതിയ പ്രശ്നങ്ങളുയർന്നുവന്ന് പുതിയ സങ്കേതങ്ങളാവശ്യപ്പെടുന്നു. യാഥാർത്ഥ്യം മാറുന്നു. അതാവിഷ്ക്കരിക്കാൻ ആ വിഷ്ക്കാരസമ്പ്രദായങ്ങളും മാറണം. ഒന്നുമില്ലാത്തിടത്തു നിന്ന് ഒന്നുമുണ്ടാകുന്നില്ല. പുതിയത് പഴയതിൽനിന്നാണുയിരെടുക്കുന്നത്. പക്ഷേ അതുതന്നെയാണ് അതിനെ പുതുതാക്കുന്നത്.

പീഡകർ പൊയ്മുഖങ്ങൾ മാററിക്കൊണ്ടിരിക്കുന്നു. ഈ പൊയ്മുഖങ്ങൾ എപ്പോഴും ഒരേ രീതിയിൽ വലിച്ചുകീറുവാൻ കഴിയില്ല. നാം പിടിക്കുന്ന കണ്ണാടികളിൽനിന്നൊഴിഞ്ഞുമാറാൻ അവർക്ക് ഒരുപാട് ഉപായങ്ങളുണ്ട്. അവരുടെ ഏജൻറ്മാർക്ക് തങ്ങൾ തൊഴിലാളികളാണെന്ന ഭാവത്തിൽ തഴമ്പുവീണ കൈകൾ കാട്ടിത്തരാൻ കഴിയും—നായാട്ടുകാരനെ നായാട്ടുമൃഗമായി മാററിക്കാണിക്കാൻ സാമർത്ഥ്യം വേണം. ഇന്നലെ ജനകീയമായത് ഇന്ന് ജനകീയമല്ല. കാരണം ഇന്നലത്തെ ജനങ്ങൾ ഇന്നത്തെ ജനങ്ങളായിരുന്നില്ല.

ധീരവും അപരിചിതവുമായ സംഗതികൾ തൊഴിലാളിവർഗ്ഗത്തിനു മുന്നിൽ അവതരിപ്പിക്കാൻ നാം ഭയപ്പെട്ടുകൂടാ. അനുഭവത്തിൽ നിന്നാണ് ഞാനിതുപറയുന്നത്. ''ജനങ്ങൾക്കതു മനസ്സിലാവില്ല'' എന്നു പറഞ്ഞു കടന്നുവരുന്ന പണ്ഡിതന്മാരും കലാവിചക്ഷണൻമാരും എക്കാലത്തുമുണ്ടാകും. പക്ഷേ ജനങ്ങൾ അക്ഷമരായി അവരെ തള്ളിമാററി കലാകാരനുമായി നേരിട്ടു ബന്ധം സ്ഥാപിക്കുന്നു. ഇതുവരെ ജനങ്ങൾക്കു സുഗ്രഹമായിരുന്ന കൃതികളുടെ ചുവടുപിടിച്ചെഴുതപ്പെട്ടതുകൊണ്ട് ഇന്ന് ഒരു കൃതി സുഗ്രഹമായിക്കൊള്ളണമെന്നില്ല. ഇപ്പറഞ്ഞ ഭൂതകാല കൃതികളും അവയ്ക്കു മുമ്പുള്ള കൃതികളെപ്പോലെ എഴുതപ്പെട്ടതാകണമെന്നില്ല. ചിലതൊക്കെച്ചെയ്തിട്ടാണ് അവ ജനങ്ങൾക്ക് മനസ്സിലായത്. അതേപോലെ പുതിയ കൃതികളേയും ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാനായി നാം ചിലതു ചെയ്യണം. ''ജനകീയമായിരിക്കൽ'' കൂടാതെ ''ജനകീയമായിത്തീരൽ'' എന്ന ഒരു സംഗതി കൂടിയുണ്ടല്ലോ. ജീവസ്സുററ, പൊരുതുന്ന, യാഥാർത്ഥ്യം കയറിപ്പിടിക്കുന്ന, യാഥാർത്ഥ്യത്തിന്മേൽ കടന്നുപിടിക്കുന്ന ഒരു യഥാർത്ഥ ജനകീയ സാഹിത്യം വേണമെങ്കിൽ നാം യാഥാർത്ഥ്യത്തിൻെറ നെടുകെയുള്ള വളർച്ചക്കൊത്തു നീങ്ങണം. മഹത്തായ അദ്ധ്വാനിജനവർഗ്ഗങ്ങൾ ഇളകിത്തുടങ്ങിയിരിക്കുന്നു. അവരുടെ ശത്രുക്കളുടെ പരിഭ്രമവും മൃഗീയതയും അതിനുതെളിവാണ്.

○

16360

## കവിതകളും സാംസ്കാരിക മുദ്രാവാക്യങ്ങളും

1 അധികാരം കൊയ്യണമാദ്യം നാം
അതിനു മേലാവട്ടെ പൊന്നാര്യൻ

2 കുഴിവെട്ടി മൂടുക വേദനകൾ
കുതികൊൾക ശക്തിയിലേക്കു നമ്മൾ (ഇടശ്ശേരി)

3 മാവുകൾ പൂക്കും മാനത്തമ്പിളി വികസിക്കും
മാനുഷർ പരസ്പരം സ്നേഹിക്കും വിഹരിക്കും.

4 മർത്ത്യ സൗന്ദര്യബോധങ്ങൾ പെററ
മക്കളല്ലീ പുരോഗമനങ്ങൾ

5 ചോര തുടിക്കും ചെറുകയ്യുകളേ
പേറുക വന്നീപന്തങ്ങൾ
ഏറിയ തലമുറയേന്തിയ പാരിൽ
വാരൊളിമംഗളകന്ദങ്ങൾ
പാരിൽ മനുഷ്യ പുരോഗമനക്കൊടി
പാറിച്ചവയീ പന്തങ്ങൾ

6 തുടുവെള്ളാമ്പൽ പൊയ്കയല്ല, ജീവിതത്തിന്റെ
കടലേ, കവിതക്ക് ഞങ്ങൾക്ക് മഷിപ്പാത്രം (വൈലോപ്പിള്ളി)

7 സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ
സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തെയും

8 തുടരൂ സഖാക്കളെ കാലിൽ കിലുങ്ങുന്ന
തുടലുകൾ നോക്കുക നിങ്ങൾ
തുടരുക ഞങ്ങൾ നിന്നേടത്തുനിന്നിനി
തുടരുകീ മോചന യുദ്ധം (വയലാർ)

9 കലയും സാഹിത്യവും ജനങ്ങൾക്ക്

10 ജനങ്ങളിൽനിന്നും കൊള്ളയടിക്കപ്പെട്ട കലയും സംസ്കാരവും
തിരിച്ചു പിടിക്കുക.

11 എല്ലാ സാംസ്ക്കാരിക ജീർണ്ണതകൾക്കുമെതിരെ പൊരുതുക.

12 ജനകീയ കലയുടെ നൂറുപൂക്കൾ വിരിയട്ടെ.

13 ജനകീയ സാഹിത്യത്തിന്റെ സുഗന്ധം പരക്കട്ടെ.

14 കാണുക കാണുക കാണാത്ത കൺകൾ തിരുമ്മിത്തുടക്കുക
കേൾക്കുക കേൾക്കുക കേൾക്കാത്ത കാതുകൾ വട്ടം പിടിക്കുക
പാടുക പാടുക പരിവർത്തനത്തിൻ പടപ്പാട്ടുപാടുക
കാലത്തിന്റെ കണ്ണും കാതും നമ്മൾ സ്വന്തമാക്കുക.

O

# സാംസ്കാരിക പ്രവർത്തന പുസ്തകം

ഇന്ന് കേരളത്തിലെ ഏററവും വലുതും ജനകീയവുമായ സാംസ്കാരിക പ്രസ്ഥാനം പുരോഗമന കലാ–സാഹിത്യ സംഘമാണ്. പ്രധാനമായും അതിൻെറ പുതിയ പ്രവർത്തകരെ സംഘടനയുമായി പരിചയപ്പെടുത്തുകയും അവർക്ക് പ്രവർത്തനത്തിന് സഹായകമായ ചില സാമഗ്രികൾ പ്രദാനം ചെയ്യുകയും അതിൻെറ സാംസ്കാരിക നിലപാട് വ്യക്തമാക്കുകയും ചെയ്യുന്ന ഒരു ലഘു പുസ്തകം. സാംസ്കാരിക പ്രവർത്തന പുസ്തകം.

വില : രണ്ടര രൂപ

**പുരോഗമന കലാസാഹിത്യസംഘം**
**കണ്ണൂർ ജില്ലാ കമ്മററി പ്രസിദ്ധീകരണം**